


# ക്രിസ്തു ദൈവത്തിന്റെ കുഞ്ഞാട്

(സംഖ്യ 11: 11 – 20; ഏശയ്യാ 45: 18 – 46:4; ഹെബ്രാ. 3: 14 – 4 – 10; യോഹ. 1: 29 – 42)

ബ്ര. ജോസഫ് ചാരംതൊട്ടിയിൽ

Vol. 10, Issue: 36

ആരാധനാവത്സരത്തിലെ ദനഹാക്കാലത്തിലൂടെയാണ് സഭ ഇപ്പോൾ കടന്നുപോകുന്നത്. സ്നാപകയോഹന്നാനിൽ നിന്നും സ്വീകരിച്ച മാമ്മോദീസായിലൂടെ സ്വപുത്രനെ പിതാവായ ദൈവം ലോകത്തിനു വെളിപ്പെടുത്തിക്കൊടുത്തതും തുടർന്നുള്ള ദൈവപുത്രന്റെ പരസ്യജീവിതവുമാണ് ഈ കാലഘട്ടത്തിൽ നാം ധ്യാനവിഷയമാക്കുക. ‘‘പഴയനിയമ സംഭവങ്ങളെല്ലാം മിശിഹായിലേയ്ക്ക് വിരൽ ചൂണ്ടുന്നു,’’ എന്ന വി. അഗസ്തീനോസിന്റെ വാക്കുകൾ മനസ്സിൽ സൂക്ഷിച്ചുകൊണ്ടു വേണം ഇന്നത്തെ വചനം ധ്യാനിക്കേണ്ടത്.

ഇന്നത്തെ ആദ്യവായനയിൽ നാം കാണുക അടിമത്വത്തിൽ നിന്നും മോചനം പ്രാപിച്ച് വാഗ്ദത്തദേശം ലക്ഷ്യമാക്കി മുന്നോട്ടുനീങ്ങുന്ന ഇസ്രായേൽ ജനത്തിന്റെ പരാതി, മോശ ദൈവത്തെ അറിയിക്കുന്നതാണ്. മോശ ദൈവത്തോടു ചോദിക്കുന്നു: ‘‘ഈ ജനത്തിനു നൽകാൻ എവിടെ നിന്ന് മാംസം ലഭിക്കും? ഞങ്ങൾക്ക് ഭക്ഷിക്കാൻ മാംസം തരിക എന്ന് അവർ കരയുന്നു’’ (സംഖ്യ 11:14). മോശയുടെ ഈ നിലവിളിയുടെ ഫലമായി അവർക്ക് ആവശ്യമായതെല്ലാം - വാഗ്ദത്തനാട്ടിലേയ്ക്ക് പ്രവേശിക്കാൻ ആവശ്യമായതെല്ലാം അവരുടെ യാത്രയിൽ ദൈവം നൽകുന്നു.

ഇസ്രായേൽ ജനതയുടെ യാത്ര ഒരു പ്രതീകമായിരുന്നുവെന്ന് നമുക്കറിയാം - സ്വർഗ്ഗത്തെ ലക്ഷ്യമാക്കി യാത്ര ചെയ്യുന്ന ആരാധനാസമൂഹമായ സഭയുടെ പ്രതീകം. ഇത് സൂചിപ്പിച്ചുകൊണ്ടാണ് ഇന്നത്തെ വചനഭാഗത്ത് ഹെബ്രായ ലേഖകൻ പറയുക: ‘‘അവിടുന്ന് നൽകുന്ന വിശ്രമത്തിലേയ്ക്ക് പ്രവേശിക്കും എന്ന വാഗ്ദാനം നിലനിൽക്കുമ്പോൾ തന്നെ അതിൽ പ്രവേശിക്കാൻ കഴി

യാത്തവരായി നിങ്ങളിലാരെങ്കിലും കാണപ്പെടുമോയെന്ന് നാം ഭയപ്പെടണം'' (ഹെബ്രാ. 4:1).

വാഗ്ദത്തദേശത്ത് പ്രവേശിക്കുന്നവർ ദൈവം തരുന്ന അപ്പവും മാംസവും ജലവും സ്വീകരിച്ച് അവിടുന്ന് കൽപ്പിക്കുന്ന പാതയിൽ മുന്നോട്ടു നീങ്ങുന്നവരായിരിക്കണം. വചനം പറഞ്ഞുവയ്ക്കുക, ''മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുന്നില്ലെങ്കിൽ അവന്റെ രക്തം പാനം ചെയ്യുന്നില്ലെങ്കിൽ ജീവനുണ്ടാകില്ല'' എന്നതാണ് (യോഹ. 6: 53 - 56). പത്രോസ് ശ്ലീഹായും പറഞ്ഞുവയ്ക്കുക, ''നാം വീണ്ടെടുക്കപ്പെട്ടത് സ്വർണ്ണമോ വെള്ളിയോ കൊണ്ടല്ല. മറിച്ച്, കറയോ കളങ്കമോ ഇല്ലാത്ത കുഞ്ഞാടിന്റേതുപോലുള്ള ക്രിസ്തുവിന്റെ രക്തം കൊണ്ടാണ്'' (1 പത്രോസ് 1:19) എന്നാണ്.

ഇന്നത്തെ തിരുവചനഭാഗത്ത് കർത്താവിന് വഴിയൊരുക്കുവാൻ വന്ന സ്നാപകൻ, ക്രിസ്തുവിനെ ലോകത്തിന് പരിചയപ്പെടുത്തുന്നതും മറിച്ചല്ല. ''ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്'' എന്നാണ്. സ്നാപകൻ ഇത് പറഞ്ഞത് യഹൂദജനതയോടാണ്. 'പരിഹാര കുഞ്ഞാട്' എന്ന പ്രയോഗം അവർക്ക് ചിരപരിചിതമായിരുന്നു. കാരണം, പാപ പരിഹാര ദിനത്തിൽ (Yom Kippur) തങ്ങളുടെ പാപങ്ങൾക്കു പരിഹാരമായി യഹൂദർ ഒരു കുഞ്ഞാടിനെ ബലി അർപ്പിച്ചിരുന്നു. ലേവ്യരുടെ പുസ്തകത്തിൽ ഈ ആശയം വളരെ സ്പഷ്ടമാണ് (ലേവ്യ 5:15). ഈ ബലിയർപ്പിക്കപ്പെടുന്ന കുഞ്ഞാടിന്റെ ജീവൻ തങ്ങളുടെ പാപങ്ങൾക്ക് പരിഹാരമാകുമെന്ന് ഈ മനുഷ്യർ കരുതിപ്പോന്നു. അതിനാൽ അവരുടെ വിശ്വാസത്തിനും പ്രതീക്ഷയ്ക്കും ചേർന്നവിധം ക്രിസ്തുവിനെ അവതരിപ്പിക്കുകയാണ് സ്നാപകൻ ഇവിടെ.

വി. യോഹന്നാന്റെ സുവിശേഷം പൂർണ്ണമായും എഴുതപ്പെട്ടിരിക്കുക ഈ അടിസ്ഥാനത്തിലാണ് എന്നുവേണമെങ്കിൽ നമുക്ക് പറയാം. ക്രിസ്തുവിനെ പാപപരിഹാര കുഞ്ഞാടായിട്ടാണ് ഈ സുവിശേഷത്തിലുടനീളം അവതരിപ്പിക്കുക. അതിന്റെ സാക്ഷ്യങ്ങൾ വളരെ വ്യക്തമായി സുവിശേഷത്തിൽ പ്രതിപാദിച്ചു കാണുന്നുണ്ട്. യോഹന്നാന്റെ സുവിശേഷം 11:50 - ൽ ''ജനം മുഴുവൻ മരിക്കാതിരിക്കാൻ ഒരാൾ മരിക്കുന്നത് നല്ലതാണെന്ന്'' പ്രധാനപുരോഹിതൻ പറയുന്നുണ്ട്. ജനങ്ങൾക്ക് പാപ പരിഹാരത്തിനായി ക്രിസ്തു അർപ്പിക്കപ്പെടും എന്ന സൂചനയാണ് ഇവിടെ തരിക. വീണ്ടും, സമാന്തര സുവിശേഷങ്ങൾക്കു വിരുദ്ധമായി പെസഹാത്തിരുനാളിന് കുഞ്ഞാടുകൾ അർപ്പിക്കപ്പെടുന്ന സമയത്താണ് യേശുവിന്റെ കുരിശുമരണം യോഹന്നാൻ സുവിശേഷകൻ അവതരിപ്പിക്കുക. ഇതും, ക്രിസ്തുവാണ് പാപ പരിഹാര കുഞ്ഞാട് എന്ന കാഴ്ചപ്പാടിന്റെ പ്രതിഫലനമാണ്. യോഹന്നാൻ ഉപയോഗിക്കുക 'ബലഹീനനായ കുഞ്ഞാട്' എന്നർത്ഥം വരുന്ന Amnos എന്ന ഗ്രീക്ക് പദമാണ് നിസ്സഹായതയുടെ പര്യായമായ ഏശയ്യായിലെ സഹനദാസന്റെ ചിത്രം (53:4 - 12) ഇവിടെ തെളിഞ്ഞുവരുന്നുണ്ട്. ലോകത്തിന്റെ പാപ പരിഹാരാർത്ഥം കുരിശിന്മേൽ രണ്ടു കള്ളന്മാരുടെ മധ്യേ മൂന്നാമതൊരു കള്ളനെപ്പോലെ നിസ്സഹായനായി സ്വന്തം ജീവൻ അർപ്പിക്കുമ്പോൾ ക്രിസ്തു യഥാർത്ഥത്തിൽ നമ്മുടെ പാപങ്ങൾക്കുള്ള പരിഹാര കുഞ്ഞാടായി മാറുകയാണ്.

ഈ കുഞ്ഞാടിന്റെ രക്തമാണ് നമ്മെ വീണ്ടെടുത്തത്. ജീവനും രക്തവും ശരീരവും നൽകിയാണ് അവിടുന്ന് നമ്മെ വീണ്ടെടുത്തത്. ഇന്ന് നമ്മെ പാപത്തിൽ നിന്നും ശിക്ഷയിൽ നിന്നും കാക്കുന്നതും ഇതേ കുഞ്ഞാടിന്റെ രക്തമാണ്. ക്രിസ്ത്യൻ എഴുത്തുകാരൻ തെർതുല്യൻ ഇപ്രകാരം പറയുന്നു: ''കുറ്റിക്കാട്ടിൽ കൊമ്പുടക്കി കിടന്ന മുട്ടനാട് ഇസഹാക്കിനു പകരം ബലിയർപ്പിക്കപ്പെട്ടു. അതുപോലെ യഥാകാലവും മിശിഹാ കുരിശുമരം തന്റെ തോളിൽ വഹിക്കുകയും തലയിൽ മുൾമുടിയോടെ കുരിശിന്റെ അഗ്രങ്ങളിൽ നിന്നും തൂക്കപ്പെടുകയും ചെയ്തു. മിശിഹായാണ് മനുഷ്യവംശത്തിന്റെ പാപം നീക്കുന്ന കുഞ്ഞാട്.'' അവനിലേയ്ക്ക് നോക്കുന്നവരോട് അവനെ അനുഗമിക്കാനുള്ള ക്ഷണമാണ് സ്നാപകൻ ഇന്ന് നമുക്ക് നൽകുന്നത്.

ഇന്നും ക്രിസ്തുവിന്റെ ഈ ബലി പുനരർപ്പിക്കപ്പെടുന്ന ഈ വിശുദ്ധ കുർബാനയിൽ നമുക്കും പ്രാർത്ഥിക്കാം, പാപക്കറകളിൽ കൊമ്പുടക്കാതെ വിശുദ്ധമായ ഒരു ജീവിതം നയിക്കാനുള്ള കൃപ തരണമേ, എന്ന്.